# കാഴ്ച : ഇൻ ഫ്രെയിം


**ചിത്രങ്ങൾ**

പി. മുസ്തഫ (മനോരമ)

കെ.കെ. സന്തോഷ് (മാതൃഭൂമി)

അജീബ് കോമാച്ചി (മാധ്യമം)

**വരികൾ**

സലീം അരൂർ




കേളി കൊട്ടുയരുകയായി, കാതുള്ളവർക്ക് കേൾക്കാം
കണ്ണുള്ളവർക്ക് കാണുകയുമാകാം
ഈ മണ്ണിന്റെ നിറം കാണാനും
മണമറിയാനുമായി
കണ്ണ് തുറന്ന് കാതോർക്കുമ്പോൾ
ബാക്കിയാകുന്നയൊരുപിടി ചിത്രങ്ങൾ
ജന്മം നൽകിയ മാതാപിതാക്കൾ,
കൈപിടിച്ചുയർത്തിയ ഗുരുവര്യന്മാർ,
എണ്ണിച്ചുട്ടെടുത്ത ദിനങ്ങൾ ഒന്നിച്ചിരുന്ന സഹപാഠികൾ
ഇവർ വിധി നമ്മോടൊപ്പം തുന്നിച്ചേർത്ത ഏടുകൾ;
പക്ഷെ; വിധിയെന്ന കഴുകന്റെ കൂർത്ത നഖങ്ങൾക്കിടയിൽ പിടയുന്ന ഈ കാഴ്ചകൾ
വിളിച്ചോതുന്നതെന്ത് ?
ഇവർ നമുക്കന്യമല്ല; നാം തന്നെയെന്ന് ഓർക്കുകയെങ്കിലുമാകാം.

# Photo feature



പുരുഷായുസ്സൊന്ന് ഇനിയും ബാക്കിയുണ്ടാകാം
എന്നാലും ബാല്യത്തിന്റെ കുസൃതിത്തരങ്ങൾ കൊഴിയുകയായി
അല്ലെലും ഇതിനൊക്കെയൊരു ശലഭായുസ്സേയുണ്ടാകൂ..
ജീവിത യാഥാർത്ഥ്യങ്ങളുടെ പടിവാതിലിലെത്തുമ്പോഴാണ് പുതുമ
മാറാത്ത ബാല്യത്തിന്റെ പഴമയിലേക്ക് തിരിഞ്ഞുനോക്കേണ്ടത്.



'വിദ്യാധനം തന്നെ
സർവ്വധനാൽ പ്രധാനം'
വിദ്യതേടിയുള്ളയീ അലച്ചിലുകളിൽ
കാവലാളാകേണ്ടതും വിദ്യതന്നെ
മറ്റുധനങ്ങൾക്ക് നാം കാവലാളാകു
മ്പോൾ നമ്മെ കാക്കുന്നത്
നാം പഠിച്ച വിദ്യമാത്രം.



എത്ര നേരം വേണമെങ്കിലും കാത്തിരിക്കാം
കാത്തിരിക്കുന്നത് വരാനില്ലെങ്കിലോ
വിടരാനുള്ള പുതുനാമ്പുകൾക്കെങ്കിലും
കാത്തിരിക്കാം...
എന്നാൽ കാത്തിരിപ്പുകളിവിടെ
നിഴലുകൾക്ക് ജീവനുദിക്കാനാകുമ്പോൾ
ഈ കാത്തിരിപ്പിനൊക്കെയെന്തർത്ഥം.

രാജാവിനെ ഭൃത്യനുമാക്കാൻ കെൽപ്പുള്ള പ്രണയം
ഹൃദയത്തിൽ നിന്നും ഹൃദയത്തിലേക്കുള്ളയീ
യാത്രയുടെ താളം നഷ്ടമാകുമ്പോൾ
ബാക്കിയാകുന്ന ചിത്രങ്ങൾക്കൊരു
വർണ്ണം ചാർത്താൻ
നഷ്ടസ്വപ്നങ്ങളുടെ 'മധുര' സ്മരണകൾ.



മനസ്സിൻ സ്വപ്നം രാജസിംഹാസനമാകാം
പക്ഷെ ശരീരത്തിൻ പ്രവൃത്തി വഴിമാറുമ്പോൾ
വിളയുന്നത് പതിരുകൾ മാത്രവും
അദ്ധ്വാനത്തിൻ കലപ്പ ജീവിതനിലം
ഉഴുതുമറിക്കുമ്പോഴേ
ജീവിതകൃഷിയിലും പൊന്നുവിളയൂ





മാറ്റത്തിന്റെ സ്ത്രീത്വം
പൂച്ചക്കുട്ടിയായി ജീവിക്കുന്നതിലും ഭേദം
പുലിക്കുട്ടിയായി മരിക്കുക തന്നെ
എലി ഭയക്കുന്നത് പുലിയെയല്ല
പൂച്ചയെയാണെന്നത് ഓർക്കുകയും വേണം



ദൗർബല്യത്തിന്റെ പര്യായമായേക്കാം സ്ത്രീ
എന്നാൽ ഈ കടൽ നീന്തി കരയിലെത്താൻ
അമ്മയെന്ന സ്ത്രീത്വ ഭാവത്തിനേ കഴിയൂ
സ്ത്രീതൻ ശരീരസൗന്ദര്യം തൊലി വരെ മാത്രം
ഹൃദയസൗന്ദര്യം കരയും കടലും കീഴടക്കുമ്പോൾ
ഇവിടെ അമ്മയും കുഞ്ഞും സ്നേഹത്തിൻ
കരയും കടലുമാകുന്നു.



മുറിവേൽക്കുന്നത്
ഹൃദയത്തിനാണെങ്കിലും
കരയേണ്ടത് കണ്ണുകൾ തന്നെ
ബാക്കിവെച്ചൊരു ജീവിതത്തിൻ
ആദ്യദിനമിവിടെ
വീണ്ടും തുടങ്ങുകയായി.
ഇവിടെ പട്ടിണി ഗൃഹനാഥനും
ദാരിദ്ര്യം കുടുംബവും
സ്വസ്ഥം, സമാധാനം -
പ്രതീക്ഷയുടെ മക്കൾ കൂട്ടിന്.

# photo feature



ഈ ചേർച്ചയിലുമില്ലെയൊരു ചോർച്ച
ചെറുപ്രാണികളെ പിടിക്കാൻ നിയമത്തിന്റെ
ചിലന്തിവലക്ക് കഴിഞ്ഞേക്കാം
വമ്പന്മാർ കയറുമ്പോൾ പൊട്ടുന്ന കണ്ണികൾ
വിളിച്ചോതുന്നതെന്ത്
മനുഷ്യനിയമം ചെറുപ്രാണികളെ പിടിക്കാൻ മാത്രം
പൊട്ടിക്കാനാവാത്ത വലനെയ്യുന്നത്
ദൈവിക നിയമവും



ഇടിമുഴക്കത്തിൻ അകമ്പടിയിൽ
അവസാനമൊരു ചാറൽ മഴ
സമുദ്രത്തിൻ ഹൃദയം
മേഘമാകും കണ്ണിലൂടെ കോരിച്ചൊരിയും
കണ്ണുനീർ തുള്ളികൾ
അവസാനം മഴവില്ലിൻ സാന്ത്വനം
വേർപ്പെടുത്തുന്നയീ മഴയിൽ
മുഖം മറച്ച് മണ്ണും ചെടിയും പുതിയൊരു
സൗഹൃദം തേടുകയായി.



പാവയ്ക്കതൻ കയ്പിനുമുണ്ടൊരു മാധുര്യം
സന്താപത്തിനുമുണ്ടൊരു സന്തോഷത്തിൻ
തെളിനീരൊഴുക്ക്
വേദനയിലൊളിഞ്ഞൊരു മാധുര്യം
നുകരുമീ കണ്ണുകൾ
വായ്ച്ചെടുക്കാൻ ആരുണ്ടിവിടെ ?



അവസാനം സൂക്ഷിച്ചുനോക്കിയാലും കണ്ണാടിയിൽ
തെളിയുന്നത് നിരാശാചിത്രങ്ങൾ മാത്രം
എന്റെ തലവേദന, എന്റെ ജലദോഷം, ഞാൻ...ഞാൻ..ഞാൻ...
അപരന്റെ ദുഃഖത്തിലേക്കെത്തിനോക്കാൻ
ആര് ബാക്കിയുണ്ടായിവിടെ ?
താളൊന്നുമറിയുമ്പോൾ
കത്തിയചൂട്ടും കെടുകില്ലെന്നാരുപറയും ?